# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 26 | 27.02.2017 — ൽ മറുപടിക്ക്

## ദേശീയ ഭക്ഷ്യഭദ്രതാ നിയമം

**ചോദ്യം**

ശ്രീ.എസ്.രാജേന്ദ്രൻ
,, കെ.സുരേഷ് കുറുപ്പ്
,, പുരുഷൻ കടലുണ്ടി
,, ബി.ഡി. ദേവസ്സി

(എ) ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനമെടുത്തത് എന്നാണെന്ന് വ്യക്തമാക്കുമോ; അതു നടപ്പിലാക്കാൻ വൈകിയതിന്റെ കാരണങ്ങൾ അറിയിക്കാമോ;

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)

(എ) 02.12.2013; 5-7-2013 മുതൽ പ്രാബല്യത്തിൽ വന്ന ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നിലവിൽ വന്ന് 365 ദിവസത്തിനുള്ളിൽ തന്നെ സംസ്ഥാനങ്ങൾ നടപ്പാക്കണമെന്നാണ് ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്നത്. 2.12.2013 ൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. തുടർന്ന് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി, മാനദണ്ഡങ്ങൾ നിശ്ചയിച്ച്, പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുകയും വിവര ശേഖരണം നടത്തുകയും ചെയ്തു. ഡാറ്റാ എൻട്രിയിലെ അപാകതകൾ പരിഹരിച്ച് എൻ.ഐ.സി. വികസിപ്പിച്ചെടുത്ത റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ആഫീസുകളിലെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലേയും (ആകെ 81) മുൻഗണന/മുൻഗണന ഇതര കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കുകയും അതിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ എറണാകുളം സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ 05.03.16 മുതൽ പൊതു തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ശേഷിക്കുന്ന താലൂക്കുകളിലെ കരട് പട്ടിക പ്രസിദ്ധീകരിച്ചില്ല. 2015 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പും, 2016 ലെ നിയമസഭാ തെരഞ്ഞെടുപ്പും നടന്ന സമയങ്ങളിൽ ജീവനക്കാർ ഇലക്ഷൻ പ്രവർത്തനങ്ങളിൽ നിയോഗിക്കപ്പെട്ടതിനാലും, പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും ദേശീയഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്തു നടപ്പാക്കുന്നതിന്റെ പ്രവർത്തനങ്ങൾ വൈകുകയുണ്ടായി.

| | | | |
|---|---|---|---|
| (ബി) | ഏപ്രിൽ മുതൽ നിയമം പൂർണ്ണമായും നടപ്പാക്കാനായി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (ബി) | ഏപ്രിൽ മാസം സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി മാർച്ച് 15 മുതൽ കൊല്ലം ജില്ലയിലും മാർച്ച് 25 മുതൽ ബാക്കിയുള്ള ജില്ലകളിലും റേഷൻ കാർഡ് വിതരണം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള മൊത്തവിതരണ ശാലകൾക്ക് പകരമായി 75 താലൂക്ക് ഡിപ്പോകൾ സർക്കാരിന്റെ അധീനതയിൽ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിനായി മാനന്തവാടി, ഇരിട്ടി എന്നീ താലൂക്കുകൾ ഒഴിച്ചുള്ള എല്ലാ താലൂക്കുകളിലും ഗോഡൗൺ കണ്ടെത്തുകയുണ്ടായി. വാതിൽപ്പടി വിതരണത്തിനുള്ള ട്രാൻസ്പോർട്ടിംഗ് ഏജൻസികളെ നിശ്ചയിക്കുന്നതിനുള്ള ഇ-ടെൻഡർ സപ്ലൈകോ നടത്തുകയുണ്ടായി. ഇ-പോസ് മെഷീനുകൾ വാങ്ങുന്നതിനുള്ള ഇ-ടെൻഡർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. വാതിൽപ്പടി വിതരണത്തിന്റെ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ മാർച്ച് 1 മുതൽ കൊല്ലം ജില്ലയിൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്ന തിനായി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല പരാതി പരിഹാര ആഫീസർ മാരായി അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്മാരെ നിയമിക്കുകയും സംസ്ഥാന ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതുവരെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് സംസ്ഥാന ഫുഡ് കമ്മീഷന്റെ ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഫലമായി സംസ്ഥാനത്തിനു നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന അരിവിഹിതത്തിൽ ഉണ്ടാകുന്ന വലിയ കുറവ് നികത്താൻ എന്തു പ്രതിവിധിയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ്, അഡ്.ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, കേന്ദ്ര സർക്കാരുമായി കത്തുകൾ മുഖേനയും ബഹു. ഭക്ഷ്യ വകുപ്പുമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും നേരിട്ടും ഇടപെടലുകൾ നടത്തിവരികയാണ്. |

*സെക്ഷൻ ഓഫീസർ*